## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 451-ന് 05-10-2022-ലെ തിരുത്തിയ മറുപടി

സർക്കാർ സർവ്വീസിൽ നിന്ന് വിരമിക്കുന്നവർ

(451) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 മുതൽ 2025-26 വരെ എത്ര പേരാണ് സർക്കാർ സർവ്വീസിൽ നിന്ന് വിരമിക്കുന്നതെന്ന് വ്യക്തമാക്കാമോ;

സ്പാർക്കിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ 2021-22 മുതൽ 2025-26 വരെ സർക്കാർ സർവ്വീസിൽ നിന്നും വിരമിക്കുന്ന ജീവനക്കാരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കും പ്രകാരമാണ്.

| വർഷം | ജീവനക്കാരുടെ എണ്ണം |
|---|---|
| 2021 | 21486 |
| 2022 | 20779 |
| 2023 | 21059 |
| 2024 | 21583 |
| 2025 | 22188 |
| 2026 | 23537 |

(ബി) ഈ സാമ്പത്തിക വർഷം വിരമിക്കുന്നവരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകാൻ എത്ര കോടി രൂപ ചെലവാകുമെന്ന്

വെളിപ്പെടുത്താമോ;

ഈ സാമ്പത്തിക വർഷം വിരമിക്കുന്നവരുടെ പെൻഷൻ ആനുകൂല്യങ്ങൾക്കായി 5768.87 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(സി) പെൻഷൻ പ്രായം ഒരു വർഷത്തേയ്ക്ക് വർദ്ധിപ്പിക്കണമെന്ന ശമ്പളപരിഷ്കരണ കമ്മീഷൻ ശിപാർശ തൊഴിലില്ലാത്ത യുവജനങ്ങളെ ബാധിക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പരിശോധിച്ചു വരുന്നു.